(സി) 2001-02 മുതൽ 2009-10 വർഷം വരെ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനത്തെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2001-02 വർഷം മുതൽ 2009-10 വർഷം വരെയുള്ള ഉല്പാദന ചെലവ് (cost of generation) ടി വർഷങ്ങളിലെ വാർഷിക കണക്കു പ്രകാരം താഴെ നൽകുന്നു.

വർഷം	തുക (രൂപ കോടിയിൽ)
2001-02	84.61
2002-03	166.23
2003-04	143.70
2004-05	81.13
2005-06	51.30
2006-07	111.84
2007-08	195.97
2008-09	414.96
2009-10	364.35

വൈദ്യുതി ഉല്പാദനവും ഉപഭോഗവും വാങ്ങലും വിൽപ്പനയും

129(2382) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉല്പ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വിശദീകരിക്കാമോ ;

(ബി) 2008-09, 2009-10 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആഭ്യന്തര ഉത്പാദനം എത്ര വീതം യൂണിറ്റായിരുന്നു എന്ന് വിശദമാക്കാമോ ; അതിൽ സംസ്ഥാനത്തിന് ലഭിച്ചത് എത്ര യൂണിറ്റായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ഈ കാലയളവിൽ ലഭിച്ചത് എത്ര യൂണിറ്റായിരുന്നു ; ഏതു നിരക്കിൽ എന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയത് എത്ര യൂണിറ്റായിരുന്നു ; എന്തു വില നൽകി എന്നറിയിക്കുമോ ;

(ഇ) ഈ കാലയളവിലെ പ്രതിവർഷ ഉപഭോഗം എത്ര യൂണിറ്റായിരുന്നു ; എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് പുറത്ത് വിറ്റു ; ആയതിന് എന്തു വില ലഭിച്ചു എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന വൈദ്യുത ആവശ്യകതമൂലം, ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം പരമാവധി പ്രയോജനപ്പെടുത്തിയും സംസ്ഥാനത്തിനകത്തെ വില കൂടിയ താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം ക്രമീകരിച്ചും കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. കൂടുതലായി ആവശ്യം വരുന്ന വൈദ്യുതി Power Traders/Powder Exchange മുതലായവയിൽ നിന്നും വാങ്ങുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 2006-2011 വർഷത്തിൽ നാളിതുവരെ 10 പദ്ധതികളിൽ നിന്നായി 204.15 MW സ്ഥാപിത ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവ കൂടാതെ ഇപ്പോൾ നടന്നു വരുന്നതുൾപ്പെടെ വരും കാലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 57 ജലപദ്ധതികളിൽ നിന്നായി 808.60 MW-ഉം മൂന്നു താപ വൈദ്യുത പദ്ധതികളിൽ നിന്നായി 4176 MW-ഉം സ്ഥാപിത ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യം വയ്ക്കുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം I)

(സി) കേന്ദ്ര പൂളിൽ നിന്നും 2008-09-ൽ 6625.86 മില്ല്യൻ യൂണിറ്റ്, യൂണിറ്റിന് രൂപ 2.19 നിരക്കിലും, 2009-10-ൽ 6928.96 മില്ല്യൻ യൂണിറ്റ്, യൂണിറ്റിന് രൂപ 2.22 നിരക്കിലും ലഭിക്കുകയുണ്ടായി

(ഡി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.* (അനുബന്ധം II)

(ഇ) 2008-09-ലെ ഉപഭോഗം 1541.3463 ദശലക്ഷം യൂണിറ്റ് 2009-10-ലെ ഉപഭോഗം 17094.7570 ദശലക്ഷം യൂണിറ്റ്. ടി കാലയളവിൽ കായംകുളം, ബി.എസ്.ഇ.എസ്. എന്നീ താപനിലയങ്ങളിൽ നിന്നും വാങ്ങിയ വൈദ്യുതിയിൽ നിന്നും സംസ്ഥാനത്തിന് പുറത്തു വിറ്റ വൈദ്യുതിയുടെ തുക ചുവടെ ചേർക്കുന്നു.

വർഷം	സംസ്ഥാനത്തിന്റെ പുറത്തുവിറ്റ വൈദ്യുതിയുടെ വില്പനയിൽ നിന്നും ലഭിച്ച തുക (കോടിയിൽ)
2008-09	438.79
2009-10	67.51

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.